**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2776** **03-08-2021 - ൽ മറുപടിയ്ക്ക്**

**സബ്സിഡിയോടു കൂടി വാങ്ങുന്ന വളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷകർ സബ്സിഡിയോടു കൂടി വാങ്ങുന്ന വളത്തിന് സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരമൊരു തീരുമാനമെടുക്കാൻ കാരണമെന്താണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | രാസവളങ്ങളുടെ സംഭരണം, വിതരണം, ചരക്കുനീക്കം, സബ്സിഡി നിശ്ചയിക്കൽ എല്ലാം കേന്ദ്ര സർക്കാരിന്റെ പരിധിയിൽപ്പെട്ട വിഷയങ്ങളാണ്. സംസ്ഥാനങ്ങൾക്കുള്ള മാസം തോറുമുള്ള രാസവളങ്ങളുടെ വിഹിതം നിശ്ചയിക്കുന്നതും കേന്ദ്ര സർക്കാരാണ്. കർഷകർ സബ്സിഡിയോടുകൂടി വാങ്ങുന്ന വളത്തിന് നിലവിൽ കേന്ദ്ര സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു കർഷകന് മാസത്തിൽ 50 ചാക്ക് (2500 Kg.) സബ്സിഡിയുള്ള വളങ്ങൾ മാത്രമേ വാങ്ങാൻ സാധിക്കു. പല വ്യാവസായിക ആവശ്യങ്ങൾക്കും അസംസ്കൃത വസ്തുവായി ടെക്നിക്കൽ ഗ്രേഡ് യൂറിയ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ വില ഒരു കിലോയ്ക്ക് 30/- രൂപയ്ക്ക് മുകളിലാണ്. കാർഷിക ആവശ്യത്തിന് ഉപയോഗിക്കുന്ന യൂറിയയ്ക്ക് ഒരു കിലോയ്ക്ക് 6/- രൂപയിൽ താഴെയാണ് വില. കർഷകർക്ക് ലഭിക്കുന്ന കാർഷിക ആവശ്യത്തിനുള്ള യൂറിയ പല സന്ദർഭങ്ങളിലും കർഷകരുടെ പേരിൽ വാങ്ങി വ്യവസായങ്ങൾക്ക് മറിച്ച് വിൽക്കുന്നതായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇത് നിയന്ത്രിക്കുന്നതിനുവേണ്ടിയെന്ന പേരിലാണ് കേന്ദ്ര സർക്കാർ കർഷകർക്ക് ലഭിക്കുന്ന സബ്സിഡിയുള്ള വളങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയത്. |
| (ബി) | സംസ്ഥാനത്തെ കർഷകർക്ക് ഈ തീരുമാനം പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | ചില വിളകൾ കൃഷി ചെയ്യുന്ന കർഷകർ ഈ തീരുമാനത്തിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ഇത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഈ തീരുമാനം പുനഃപരിശോധിക്കണമെന്ന കർഷകരുടെ ആവശ്യത്തിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; കർഷകരുടെ | (സി) | ചില വിളകൾ കൃഷി ചെയ്യുന്ന കർഷകർ ഈ തീരുമാനത്തിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ഇത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ